**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3620 — 14.03.2017- ൽ മറുപടിയ്ക്ക്

## ഷീ ഒപ്റ്റിക്കൽസ് പദ്ധതി

ചോദ്യം
ശ്രീ.പി.സി.ജോർജ്.

മറുപടി
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വഴി നടപ്പാക്കിയ ഷീ ഒപ്റ്റിക്കൽസ് പദ്ധതിയുടെ ഗുണം തിരുവനന്തപുരം ആസ്ഥാനമായ ഒരു സ്വകാര്യ സ്ഥാപനത്തിന് മാത്രമായി ലഭിക്കുന്ന തരത്തിലാണ് ഉടമ്പടി ഉണ്ടാക്കിയിരിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ, പ്രസ്തുത സ്വകാര്യ-സ്ഥാപനം ഏതെന്ന് പേരുസഹിതം വിശദമാക്കുമോ; | (ബി) | തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന മെ. റോസ് ഒപ്റ്റി-ക്കൽസ് പ്രൈ.ലിമിറ്റഡ്, മെ. റോസ് ഒഫ്ത്താല്മിക് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് വനിതാ വികസന കോർപ്പറേഷൻ ഈ പദ്ധതി നടപ്പാക്കിയത്. |
| (സി) | ടി അഴിമതി പുറത്തുകൊണ്ടു-വരുവാൻ അടിയന്തര വിജിലൻസ് അന്വേഷണം നടത്തുമോ; | (സി) | ഈ വിഷയവുമായി ബന്ധപ്പെട്ട് മൂന്ന് റിട്ട് പെറ്റീഷനുകൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. വിഷയം ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ പരിഗണന |

| | | | |
|---|---|---|---|
| | | | യിലാണ്. കൂടാതെ ധനകാര്യ (പരിശോധനാ എൻ.ടി.ജി) വകുപ്പും ഇക്കാര്യത്തിൽ അന്വേഷണം നടത്തുന്നുണ്ട്. |
| (ഡി) | ഇതുവരെ ടി സ്വകാര്യ സ്ഥാപനത്തിന് വനിതാവികസന കോർപ്പറേഷൻ എത്ര രൂപ നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ഡി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 6 വനിതാ സംരംഭകർക്കായി 120 ലക്ഷം രൂപ വായ്പായിനത്തിൽ വനിതാ വികസന കോർപ്പറേഷൻ നൽകിയിട്ടുണ്ട്. സ്ഥാപനത്തിന് തുക നൽകിയിട്ടില്ല. |
| (ഇ) | ടി പദ്ധതിയിൽ അഴിമതി കാണിച്ച ഉദ്യോഗസ്ഥർ ആരെല്ലാം; പേരുവിവരങ്ങൾ വിശദമാക്കാമോ? | (ഇ) | ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അഴിമതി ആരോപണം സംബന്ധിച്ച് ധനകാര്യപരിശോധന (നോൺ ടെക്നിക്കൽ - ജി) വകുപ്പ് അന്വേഷണം നടത്തിവരുന്നു. അന്വേഷണ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**